**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 17

# വാർത്താക്കുറിപ്പ്

---

## എം.ജി. യിൽ പ്രഭാഷണവും ശില്പശാലയും

കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചും (കെ.സി.എച്ച്.ആർ.) മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും (ഐ.യു.സി.എസ്.എസ്.ആർ.ഇ.) സംയുക്തമായി 'മൊറാലിറ്റീസ് ഓഫ് ലാൻഡ് റിക്ലമേഷൻ: ചർച്ച്, അഗ്രേറിയൻ എക്സ്പാൻഷൻ ആന്റ് മൈഗ്രേഷൻ ടു മലബാർ' ("Moralities of Land 'Reclamation': Church, Agrarian Expansion and Migration to Malabar") എന്ന വിഷയത്തെ അധികരിച്ച് ആഗസ്റ്റ് 22 ന് പ്രഭാഷണം സംഘടിപ്പിക്കുന്നു. കെ.സി.എച്ച്.ആർ. ലെ റെസിഡൻസ് സ്കോളറും ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിലെ ഹിസ്റ്ററി അധ്യാപകനുമായ ഡോ. വി.ജെ. വർഗ്ഗീസ് ആണ് പ്രഭാഷണം നടത്തുന്നത്. കെ.സി.എച്ച്.ആർ. ഡയറക്ടർ അധ്യക്ഷത വഹിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം കൗൺസിൽ ചെയർമാൻ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ നിർവ്വഹിക്കും. പ്രഭാഷണം ആഗസ്റ്റ് 22 രാവിലെ 11 മണിക്ക് സർവ്വകലാശാല കൺവെർജൻസ് അക്കാഡമിയ കോംപ്ലിക്സിലെ ഐ.യു.സി.എസ്.എസ്.ആർ.ഇ. കോൺഫറൻസ് ഹാളിൽ വച്ചായിരിക്കും. കെ.സി.എച്ച്.ആറും ഐ.യു.സി.എസ്.എസ്.ആർ.ഇ.യും ചേർന്ന് സ്പോൺസർ ചെയ്ത യുവപണ്ഡിതരുടെ 'മൈഗ്രേഷൻ ആന്റ് മൊബിലിറ്റി' ("Migration and Mobility") എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാല ആഗസ്റ്റ് 23 മുതൽ 27 വരെ സംഘടിപ്പിക്കും.

(പി.ആർ.ഒ./39/1157/2022)

## പട്ടികജാതി /പട്ടികവർഗ്ഗ ഗവേഷണ വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം

ഇന്ത്യയിൽ നടത്തപ്പെടുന്ന സെമിനാറുകൾ/കോൺഫറൻസുകൾ എന്നിവയിൽ പങ്കെടുത്ത് പ്രബന്ധം അവതരിപ്പിക്കുന്നതിന് സർവകലാശാല പഠനവകുപ്പുകളിലും, അംഗീകൃത ഗവേഷണകേന്ദ്രങ്ങളിലും ഗവേഷണം നടത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2022 ഏപ്രിൽ ഒന്ന് 2023 മാർച്ച് 31 കാലയളവിൽ സെമിനാറിൽ പങ്കെടുത്ത് പ്രബന്ധം അവതരിപ്പിച്ച മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥികളായിരിക്കണം. ഇതര ഫണ്ടിങ് ഏജൻസികളിൽ നിന്നും പേപ്പർ അവതരണത്തിനായി ഇതിനകം സാമ്പത്തികസഹായം ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ ഈ ഫെലോഷിപ്പിന് അർഹരായിരിക്കുന്നതല്ല. അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1158/2022)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന ഓർഗാനിക് ഫാമിംഗ്, മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബിലിറ്റീസ്, കൗൺസിലിംഗ്, യോഗിക് സയൻസ് എന്നീ സർട്ടിഫിക്കറ്റ് / ഡിപ്ലോമ കോഴ്സുകളിൽ സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റുകൾ, അവയുടെ കോപ്പികൾ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, കോഴ്സ് ഫീസ് എന്നിവ സഹിതം ഡിപ്പാർട്ട്മെന്റിൽ എത്തേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യത. കോഴ്സ് ഫീസ് തുടങ്ങിയ കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 08301000560.

(പി.ആർ.ഒ./39/1159/2022)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളുടെ നാലാം സെമസ്റ്റർ എം.എസ്.സി./ എം.കോം./ എം.എ./ എം.എ.ജെ./ എം.എസ്.ഡബ്ല്യു./ എം.എം.എച്ച്. / എം.റ്റി.എ./ എം.റ്റി.റ്റി.എം. (സി.എസ്.എസ്. - 2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ആഗസ്റ്റ് 24 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1160/2022)

## പരീക്ഷാ ഫീസ്

സെപ്റ്റംബർ 14 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എച്ച്.എം. (2020 അഡ്മിഷൻ - റഗുലർ - പുതിയ സ്കീം), (2014-2019 അഡ്മിഷൻ - സപ്ലിമെന്ററി / 2013 അഡ്മിഷൻ - മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 29 വരെയും പിഴയോടു കൂടി ആഗസ്റ്റ് 30 നും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 31 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1161/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ ബി.എസ്.സി. ഐ.ടി. സി.ബി.സി.എസ്. (പുതിയ സ്കീം - 2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ 2017, 2018, 2019, 2020 അഡ്മിഷൻ - റീ-അപ്പിയറൻസ്) ജൂലൈ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 22 ന് അതത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1162/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2019-2020 അഡ്മിഷൻ - സപ്ലിമെന്ററി) ജൂലൈ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 19 ന് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1163/2022)

2022 ജൂലൈ / ആഗസ്റ്റ് മാസങ്ങളിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ. (റഗുലർ /സപ്ലിമെന്ററി / മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 24 മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1164/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോനാനോടെക്നോളജി (സി.എസ്.എസ്. - 2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2019-2020 അഡ്മിഷൻ - സപ്ലിമെന്ററി) ജൂലൈ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 19 ന് തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1165/2022)

## പരീക്ഷാ ഫലം

2021 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. സൈക്കോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ഓൺലൈനായി ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1166/2022)

ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. ഹിന്ദി / അറബിക് (പ്രൈവറ്റ് പഠനം - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1167/2022)

2021 നവംബറിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. സുവോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ഓൺലൈനായി ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1168/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**